# റൈറ്റ് റവ. ഡോ. ജോർജ് പള്ളിപറമ്പിൽ
## ക്നാനായ സമുദായത്തിന്റെ സൂര്യതേജസ്സ്



ഭാരതത്തിന്റെ തെക്കുഭാഗത്തുള്ള മ്രാലയിൽ നിന്ന് വടക്കെ അറ്റത്തുള്ള മിയാവിലേയ്ക്കുള്ള ദൂരമാണ് ക്നാനായ സമുദായംഗമായ ബിഷപ്പ് ജോർജ്ജ് പള്ളിപറമ്പിൽ. ഭാരതക്രൈസ്തവസഭയുടെ ചരിത്രത്തിൽ കത്തിജ്വലിക്കുന്ന വിളക്കായി പ്രശോഭിക്കുവാൻ ദൈവം നിയോഗിച്ച ബിഷപ്പ് ജോർജ്ജ് മ്രാല ഇടവക പള്ളിപറമ്പിൽ കോരയുടെയും അന്നയുടെയും മൂന്നാമത്തെ മകനായി 1954 മെയ് 15 നു ജനിച്ചു. പ്രാരംഭവിദ്യാഭ്യാസത്തിനുശേഷം ദൈവം നിക്ഷേപിച്ച മിഷനറി വൈദികനാകാനുള്ള ഉൾവിളി അദ്ദേഹം സ്വീകരിച്ചു. അതിന് പ്രതിബന്ധമായി വന്ന വെല്ലുവിളികളെ ഏറ്റെടുത്തു സലേഷ്യൻ സഭാംഗമായി 'കിഴക്കിന്റെ സ്കോട്ട്ലൻഡ്' എന്നറിയപ്പെടുന്ന ഷില്ലോങ്ങിൽ സന്യാസപരിശീലനവും വൈദികപഠനവും പൂർത്തിയാക്കി 1982 ഡിസംബർ 19നു മ്രാല പൊന്നംതാനം പള്ളിയിൽ വെച്ച് പുരോഹിതനാകുകയും ചെയ്തു. "ഫാ.പി.കെ" എന്ന പേരിൽ അറിയപ്പെടുന്ന ജോർജ്ജ് അച്ചൻ ഷില്ലോങ്ങിലെനിറസാന്നിദ്ധ്യമായിരുന്നു. തുടർന്ന്, "യേശുക്രിസ്തുവിനെ പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ഹാ കഷ്ടം" എന്ന പൗളിൻ ചിന്തയോടു യോജിച്ചു അരുണാചൽപ്രദേശിലേക്ക് ഏറെ താൽപര്യത്തോടെ സുവിശേഷവേലയ്ക്കായി അദ്ദേഹംപോയി. ചുരുങ്ങിയ കാലം കൊണ്ട് മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ അരുണാചലിൽ ഏറെ ശ്രദ്ധ നേടുവാൻ ഫാ. ജോർജിനു കഴിഞ്ഞു. "അരുണാചൽ മിഷന്റെ പിള്ളത്തൊട്ടിൽ' എന്ന് വിശേഷിപ്പിക്കാവുന്ന 'ബേസിക് ബൈബിൾ സ്കൂൾ (ബി. ബി.എസ്.) അദ്ദേഹത്തിന്റെ ശ്രമഫലമായി രൂപപ്പെട്ടു. അരുണാചലിൽ തലങ്ങും വിലങ്ങും സഞ്ചരിച്ചും സംസർഗ്ഗം പുലർത്തിയും സൗഹൃദം വളർത്തിയും ഗോത്രവർഗ്ഗക്കാരോടും ഇതര ജനസമൂഹങ്ങളോടും ആത്മബന്ധം അദ്ദേഹം സ്ഥാപിച്ചു. ഗ്രാമവാസികളെ വിശ്വാസ സമ്പന്നരാക്കാൻ അദ്ദേഹം യത്നിച്ചു. അരുണാചലിലെ ആദ്യ വൈദികനായി അഭിവന്ദ്യ മേനാംപറമ്പിൽ ബിഷപ്പ് അദ്ദേഹത്തെ നിയമിച്ചതോടെ അത്ഭുതകരമായ സഭാപ്രവർത്തനങ്ങളും അതുവഴി സാമൂഹ്യ മാറ്റങ്ങളും ഉണ്ടായി. ഫാ. പി.കെ. ദ്രുതഗതിയിലാണ് അരുണാചലിൽ പ്രകീർത്തിതനായത്. പല വ്യക്തികളും സ്കൂളും, ഹോസ്റ്റലും, പള്ളിയും, സാമൂഹ്യ പ്രവർത്തന പ്രസ്ഥാനങ്ങളും നടത്തുവാൻ ജോർജ്ജ് അച്ചന് സ്ഥലം നൽകി; പണം നൽകി; സമയം നൽകി. 2002-ൽ ന്യൂമാൻ എജ്യൂക്കേഷൻ സൊസൈറ്റി തുടങ്ങി. ഈ കാലയളവിൽ തദ്ദേശീയ വിശ്വാസവും സംസ്കാരവും എന്ന വിഷയത്തിൽ അദ്ദേഹം ഡോക്ടറേറ്റ് നേടി. 30 വർഷത്തെ സമ്പന്നവും ശ്രമകരവും, തീക്ഷണവും, അത്ഭുതകരവും ആയ പൗരോഹിത്യജീവിതത്തിന് മകുടമായി 2005 ഡിസംബർ 7-ന് മെത്രാൻ പദവി അദ്ദേഹത്തെ തേടിയെത്തി. 2006 ഫെബ്രുവരി 26-ന് അരുണാചലിൽ നടന്ന മെത്രാഭിനഷേകച്ചടങ്ങിൽ അന്നുവരെ ഒരുമിച്ചുകൂട്ടപ്പെട്ട ഒരു ജനാവലിയെ ഇന്നുവരെ കണ്ടിട്ടില്ലെന്നുള്ളത് ചരിത്രവസ്തുതയാണ്. ബിഷപ്പ് ജോർജ് ആരംഭിച്ച തീർത്ഥാടന കേന്ദ്രം കർദ്ദിനാൾ ടെലസ്ഫോർ ടോപ്പോ കൂദാശ ചെയ്തപ്പോൾ 22000 പേരുടെ സാന്നിദ്ധ്യമുണ്ടായതു മറ്റൊരു അത്ഭുതസത്യം.

ബിഷപ്പ് ജോർജ്ജ് ഒരു അത്ഭുതപ്രതിഭാസമാണ്. സൗഹൃദത്തിന്റെ കാന്തശക്തി ബലവത്താണ്. പ്രസന്നമായ മുഖത്തെ കത്തിജ്വലിക്കുന്ന നയനങ്ങളിൽ ആകർഷണീയത അന്യാദൃശമാണ്. ഉറപ്പുള്ള ആന്തരികതയുടെ മനുഷ്യനാണ് ഉള്ളിലെങ്കിൽ, പുറമെ മൃദുലമാണ്. ഒരിക്കൽ കണ്ടാൽ മറക്കാനാവത്ത വൈശിഷ്ട്യമായ ഹൃദ്യത. ആത്മാക്കളെ നേടുവാൻ ദൈവം നൽകിയ ശരീരഭാഷയും സംസാരമാധുര്യവും ബിഷപ്പ് പള്ളിപറമ്പിലിനെ വ്യത്യസ്തനാക്കുന്നു. ചുരുങ്ങിയ കാലം കൊണ്ടു നോർത്ത് ഈസ്റ്റൺസ്റ്റേറ്റുകളിലെ മികവാർന്ന മെത്രാനായി ശോഭിച്ചുകൊണ്ടിരിക്കുന്നു. ചുറുചുറുക്കും, ധൈര്യവും ഇച്ഛാശക്തിയും മിയാവുരൂപതയെ പടിപടിയായി ഉയർത്തികൊണ്ടിരിക്കുന്നു. സ്വന്തമായി ഒരു അരമനയോ,

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ

കത്തീഡ്രലോ, സെമിനാരിയോ, ഒന്നുമില്ലാതെ വിസ്തൃതമായ ഹിമാലയൻ ആകാശത്തിൻകീഴിൽ ദൈവപരിപാലനയെ സാക്ഷിനിർത്തി പ്രവർത്തനമാരാംഭിച്ച ബിഷപ്പ് ജോർജിന് മിയാവിൽ ചുരുങ്ങിയ കാലംകൊണ്ട് അഭിമാനിക്കാനാവുന്ന നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

ബിഷപ്പ് ജോർജ് മുഴുവൻ മിഷൻചൈതന്യം നിറഞ്ഞവനാണ്. ആരെയും ആകർഷിക്കുന്ന ഇടപെടലുകൾ സുവിശേഷത്തിനു സാക്ഷ്യമാകാൻ ഏറെ സഹായിച്ചു. മനുഷ്യബന്ധങ്ങൾക്കു വില കൽപിക്കുന്നവനായതുകൊണ്ട് മാനവീയതയാണ് ദൈവശാസ്ത്രം. മനുഷ്യസ്നേഹത്തിലൂടെ ദൈവസ്നേഹം അനുഭവവേദ്യമാക്കിത്തരുന്ന മനുഷ്യസ്നേഹി. വ്യക്തിജീവിതത്തിൽ സ്വകാര്യ താൽപര്യമില്ല. തന്റെ രൂപതയും സഭയുമാണ് മാർ ജോർജിന് വലുത്. 'ആദ്യം ജനം' ഇതാണ് അദ്ദേഹത്തിന്റെ ആദർശമുദ്ര. ഇടവക ദേവാലയം, സാമൂഹ്യസേവനസ്ഥാപനങ്ങൾ, പരിശീലന ഭവനങ്ങൾ, ആതുരാലയങ്ങൾ എന്നിവ കഴിഞ്ഞിട്ടു മതി അരമനയും മറ്റും എന്ന് ജനപക്ഷത്തു നിന്ന് ചിന്തിക്കുന്ന ആത്മീയാചാര്യൻ മാർ പള്ളിപറമ്പിൽ. പുറമെ കാണുന്നതിനേക്കാൾ ഉള്ളിൽ സ്വകാര്യ നന്മയുള്ള വ്യക്തിയെന്ന നിലയിലാണ് കാണുന്നവർക്കെല്ലാം അദ്ദേഹം പെട്ടെന്നു സുഹൃത്താകുന്നത്. ചെറിയവനെന്നോ വലിയവനെന്നോ ഉള്ള വ്യത്യാസമില്ലാതെ ആരെയും മൈൻഡ് ചെയ്യാൻ കഴിവുള്ളവനെന്ന നിലയിൽ സകലരും അദ്ദേഹത്തിനു സുഹൃത്തുക്കളാകുന്നു. താഴ്ന്നവരെ വലിയവനായി കാണാനും ആരുടെയും വികാരങ്ങളെ മുറിപ്പെടുത്താതെ സംസാരിക്കുവാനും, ആരു ക്ഷണിച്ചാലും തിരസ്ക്കരിക്കാതെ പരമാവധി മറ്റുള്ളവർക്കു സംലഭ്യനാകാനുമുള്ള കഴിവ് അത്ഭുതകരമാണ്. 'നോ' എന്ന പദം ഡിക്ഷ്ണറിയിലില്ല. തന്റെ രൂപതയിലെ വൈദികരെ സുഹൃത്തുക്കളെപ്പോലെ അദ്ദേഹം കാണുന്നു. ക്നാനായ സമുദായത്തിന്റെ വീരപുത്രനും സൂര്യതേജസ്സുമായ ബിഷപ്പ് ജോർജ് ചൈനയുടെ അരികിൽ ഹിമാലയത്തിന്റെ താഴ്‌വരയിൽ പ്രകൃതിഭംഗികൊണ്ടു അനുഗൃഹീതയും വിസ്തൃതവുമായ മിയാവു രൂപതയിൽ ദൈവം നിയോഗിച്ച ആധുനിക മോശയാണ്.

ഒരു ഔദ്യോഗികജീവിതമെന്നോ, സ്വകാര്യ ജീവിതമെന്നോ വേർതിരിവില്ലാതെ സദാസമയവും ജനപക്ഷത്തുനിന്നു ചിന്തിച്ചും പ്രവർത്തിച്ചും ഇച്ഛാശക്തിയോടെ ലക്ഷ്യത്തിലെത്താനുള്ള കുതിപ്പോടെ അദ്ദേഹം ഇന്നും നടന്നുനീങ്ങുന്നു.

**-റവ. ഡോ. ലൂക്ക് പൂത്തൃക്കയിൽ**

# റൈറ്റ് റവ. ഡോ. ജെയിംസ് തോപ്പിൽ

## ദൈവസ്നേഹം നിറഞ്ഞു നിൽക്കുന്ന ഇടയൻ



നാഗാലാൻഡിലെ ജനങ്ങളുടെ ഇടയിൽ സുവിശേഷം പ്രഘോഷിക്കുവാനുള്ള കത്തോലിക്കാ സഭയുടെ സ്വപ്നം പൂവണിഞ്ഞിട്ട് നൂറു വർഷങ്ങൾ കഴിഞ്ഞു. എന്നാൽ അതിന്റെ ഫലദായകത്വത്തിലേക്ക് എത്താൻ വീണ്ടും വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു. വേദനകളും യാതനകളും നേരിട്ട നാഗാലാൻഡിലെ ജനത്തിന് നേതൃത്വം നൽകാൻ, അവർക്കു ലഭിച്ച ക്രൈസ്തവവിശ്വാസത്തിനു അടിത്തറ പാകാൻ 1980 ജൂൺ 29 വരെ കാത്തിരിക്കേണ്ടിവന്നു. അങ്ങനെയാണ് കൊഹിമ രൂപത സ്ഥാപിതമായത്. അഭിവന്ദ്യ അബ്രാഹം ഇലഞ്ഞിമറ്റം പിതാവിന്റെ പിൻഗാമി ബിഷപ്പ് ജോസ് മുക്കാലയ്ക്കു ശേഷം മൂന്നുപതിറ്റാണ്ടു പിന്നിട്ട കൊഹിമ രൂപതയുടെ മൂന്നാമത്തെ അമരക്കാരനാണ് ബിഷപ്പ് ജെയിംസ് തോപ്പിൽ. 2011 സെപ്റ്റംബർമാസം 8-ാം തീയതി കൊഹിമ കത്തീഡ്രലിൽ വച്ച് ഇന്ത്യയുടെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ്പ് സൽവത്തോരെ പെനാക്കിയോയിൽ നിന്നും കൊഹിമ രൂപതയുടെ മെത്രാനായി അദ്ദേഹം അഭിഷിക്തനായി.

പ്രിയപ്പെട്ടവരെല്ലാം 'ചാക്കോച്ചൻ' എന്നു വിളിക്കുന്ന ബിഷപ്പ് ജെയിംസ് തോപ്പിൽ പിന്നീട് തനിക്കു കിട്ടിയ മെത്രാൻ സ്ഥാനം ദൈവശുശ്രൂഷയ്ക്കു വേണ്ടിയുള്ള കൂടുതൽ സമർപ്പണമായിമാത്രം കാണുന്ന വ്യക്തിയാണ്. 1959 മാർച്ച് മാസം 2-ാം തീയതി ജനിച്ച ചാക്കോച്ചന്റെ പിതാവ് വളരെ ചെറുപ്പത്തിലേ മരിച്ചു. പ്രിയപ്പെട്ട അമ്മച്ചിയും

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ